**കേരള സർക്കാർ**

## <u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ്- സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ സീനിയർ ക്ലാർക്ക് ആയ ശ്രീമതി.അസീന ബീവി.എം. ന് ഭർത്താവിന്റെ ചികിത്സയ്ക്കായി പലിശരഹിത മെഡിക്കൽ അഡ്വാൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്

**സ.ഉ.(സാധാ) നം.2079/2018/ഉ.വി.വ തീയതി,തിരുവനന്തപുരം, 19/11/2018**

---

**പരാമർശം:-** 1 സ .ഉ (പി ) 45/ 97 /ആ .കു .വ . തിയതി 18 .02 .1997

2 02 .11 .2000 ലെ സ .ഉ (പി ) 285/ 2000 /ആ .കു .വ .

3 20 .11 .2001 ലെ സ .ഉ (പി ) 298 / 2001 /ആ .കു .വ .

4 13 .07 .2017 ലെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ A7/28381/2018 നമ്പർ കത്ത്

## <u>ഉത്തരവ്</u>

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ സീനിയർ ക്ലാർക്ക് ആയ ശ്രീമതി.അസീന ബീവി.എം. ന്റെ ഭർത്താവിന് തിരുവനന്തപുരം ശ്രീ.ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജിയിൽ ഹൃദയസംബന്ധമായ ചികിത്സയ്ക്കായി 4,00,000/- (നാല് ലക്ഷം രൂപ മാത്രം) രൂപ പലിശ രഹിത മെഡിക്കൽ അഡ്വാൻസ് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരാമർശം കത്തു പ്രകാരം സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ സീനിയർ ക്ലാർക്ക് ആയ ശ്രീമതി.അസീന ബീവി.എം ( ജനന തീയതി- 08.05.1978, പെൻ നം .172172) ന്റെ ഭർത്താവിന് തിരുവനന്തപുരം ശ്രീ.ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജിയിൽ ഹൃദയസംബന്ധമായ ചികിത്സയ്ക്കായി 4,00,000/- (നാല് ലക്ഷം രൂപ മാത്രം) രൂപ പലിശ രഹിത മെഡിക്കൽ അഡ്വാൻസ് അനുവദിച്ച് ഉത്തരവാകുന്നു. ഇപ്രകാരം അനുവദിച്ച 4,00,000/- രൂപയുടെ പലിശ രഹിത ചികിത്സാ വായ്പ സമർപ്പിക്കേണ്ട മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ക്ലേയിമിൽ ക്രമപ്പെടുത്തേണ്ടതും ശേഷിക്കുന്ന തുകയുണ്ടെങ്കിൽ ആയത് അപേക്ഷകന് നൽകുന്നതുമാണ്. ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ മേൽ ഒപ്പിട്ട ഉപയുക്തതാ സർട്ടിഫിക്കറ്റ് പ്രസ്തുത വായ്പ കൈപ്പറ്റുന്ന തീയതി മുതൽ മൂന്നുമാസത്തിനകം അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. പലിശ രഹിത ചികിത്സാ വായ്പ ആറു മാസത്തിനകം ക്രമപ്പെടുത്തേണ്ടതും അല്ലാത്തപക്ഷം 12% നിരക്കിൽ പിഴപ്പലിശ വായ്പക്കാരനിൽ നിന്നും ഈടാക്കുന്നതുമാണ്. പ്രസ്തുത

പലിശ രഹിത ചികിത്സാ വായ്പ തുക ദുരുപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം ആയത് മൊത്തമായി തിരിച്ചു പിടിക്കുന്നതാണ്. കൂടാതെ വായ്പക്കാരനെതിരെ അച്ചടക്ക നടപടിയും സ്വീകരിക്കുന്നതാണ്. പ്രസ്തുത വായ്പ വിതരണം ചെയ്യുന്നതിനു മുൻപായി വായ്പ തുക, വായ്പ അനുവദിച്ച ഉത്തരവിന്റെ നമ്പരും തീയതിയും ഉൾപ്പെടെയുള്ള വിവരങ്ങൾ വായ്പക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. വായ്പ കൈപ്പറ്റാതിരിക്കുകയോ റദ്ദുചെയ്യപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരം സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിന് കൃത്യമായി അറിയിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട ചെലവ് "7610-00-800-95(02)" എന്ന് ശീർഷത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എ.ജയിംസ് രാജ്**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ശ്രീ.ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജി, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ)കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര-പൊതുജനസമ്പർക്ക വകുപ്പ്.

www.highereducation.kerala.gov.in.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ